⇨ കേരളം ഇതുവരെ സത്യവാങ്മൂലം നൽകാൻ തയ്യാറായിട്ടില്ല ⇨

മലമുടി തുരന്ന്
മുടിയുന്ന കേരളം

# ഹരിത ട്രിബ്യൂണൽ വിധി നടപ്പിലാക്കാൻ തയ്യാറാകണം

പാരിസ്ഥിതിക അനുമതിയില്ലാത്ത പാറമടകൾ അടച്ചുപൂട്ടണമെന്ന് ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവിട്ടിരിക്കുകയാണ്. അഞ്ച് ഹെക്ടറിൽ താഴെയുള്ള ഖനനത്തിന് പാരിസ്ഥിതിക അനുമതി വേണമെന്ന ദീപക് കുമാർ–ഹരിയാന കേസിലെ സുപ്രീംകോടതി വിധിയും നിലനിൽക്കുന്നുണ്ട്. കേരളത്തിലെ അനധികൃത ക്വാറികളെ തടയാൻ ഈ കോടതിയിടപെടലുകൾ പര്യാപ്തമാണോ?

**അഡ്വ. ഹരീഷ് വാസുദേവൻ / കേരളീയം**

**പാരിസ്ഥിതിക അനുമതിയില്ലാതെ പ്രവർത്തിക്കുന്ന ക്വാറികളെല്ലാം അടച്ചുപൂട്ടണമെന്ന ദേശീയ ഹരിത ട്രിബ്യൂണലിന്റെ ജൂലായ് 12ലെ ഉത്തരവിനെ എങ്ങനെ വിലയിരുത്തുന്നു?**

പരിസ്ഥിതി ക്ലിയറൻസ് ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന പാറമടകൾ അടച്ചുപൂട്ടണം എന്ന് ഗ്രീൻ ട്രിബ്യൂണൽ പറഞ്ഞിട്ടില്ല. വിധി പ്രകാരം ഖനനത്തിന് നിരോധനമൊന്നും വന്നിട്ടില്ല. നിലവിലുള്ള നിയമങ്ങളും കോടതി ഉത്തരവുകളും പാലിക്കപ്പെടണം എന്നാണ് വിധി പറയുന്നത്. പാരിസ്ഥിതിക അനുമതിയുമില്ലാതെ ആർക്കും പുതിയതായി ഖനന അനുമതി നൽകരുതെന്ന് ഉത്തരവിൽ പറയുന്നുണ്ട്. അഞ്ച് ഹെക്ടറിൽ താഴെയുള്ള ഖനനത്തിന് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയോ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെയോ അനുമതി വേണമെന്ന 2012 ഫെബ്രുവരി 27ലെ സുപ്രീം കോടതി വിധിയെയാണ് ഹരിത ട്രിബ്യൂണൽ ഉത്തരവ് അടിസ്ഥാനമാക്കിയിരിക്കുന്നത്. ദീപക്കുമാർ -ഹരിയാന കേസിലെ ആ ഉത്തരവ് പാലിക്കപ്പെടുന്നില്ല എന്നാരോപിച്ച് ഗ്രീൻ ട്രിബ്യൂണൽ ബാർ അസോസിയേഷൻ കേസ് ഫയൽ ചെയ്തിരുന്നു. അതിന്റെ വാദം കേൾക്കെയാണ് ജസ്റ്റിസ് സ്വതന്ത്രകുമാർ അദ്ധ്യക്ഷനായ ബഞ്ച് ഈ വിധി പറഞ്ഞിരിക്കുന്നത്. അന്നുമുതൽ പാരിസ്ഥിതിക അനുമതി ഇല്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾ നിർത്തിവയ്ക്കേണ്ടതാണ്. എന്നാൽ കേരളത്തിൽ വിധി വേണ്ടവിധം നടപ്പിലാക്കപ്പെട്ടിട്ടില്ല. പാറമടകൾക്ക് എത്രയും വേഗം പാരിസ്ഥിതികാനുമതി നൽകി വിധിയെ മറികടക്കുന്നതിനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. അഞ്ച് ഹെക്ടറിന് മുകളിലും താഴെയുമായി എത്ര പാറമടകൾ പ്രവർത്തിക്കുന്നുണ്ടെന്നും എത്ര ഖനനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്നും സത്യാവാങ്മൂലം അറിയിക്കണമെന്ന് മുമ്പ് ഇതേ കേസ് പരിഗണിക്കുമ്പോൾ ഹരിത ട്രിബ്യൂണൽ സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടിരുന്നു. കേരളം ഇതുവരെ സത്യവാങ്മൂലം നൽകാൻ തയ്യാറായിട്ടില്ല. സംസ്ഥാനത്തിന്റെ ഈ നടപടിയെ കോടതി രൂക്ഷമായി വിമർശിച്ചിട്ടുണ്ട്. കോടതികളിൽ നിന്നുണ്ടായിട്ടുള്ള എല്ലാ ഉത്തരവുകളെയും ലംഘിക്കുന്ന തരത്തിലുള്ള നടപടിയാണ് ക്വാറികളുടെ വിഷയത്തിൽ കേരള സർക്കാറിന്റെ ഭാഗത്ത് നിന്നുമുണ്ടായിരിക്കുന്നത്.

➪ അത്തരം വീഴ്ചകൾക്കെതിരെ പൊതുജനത്തിന് അപ്പീൽ പോകാനുള്ള സ്വാതന്ത്ര്യമുണ്ട് ➪

**സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി State Environmental Impact Assessment Authority (SEIAA) ആണല്ലോ ക്വാറികൾക്ക് പാരിസ്ഥിതിക അനുമതി നൽകേണ്ടത്. ആ സംവിധാനം എത്രത്തോളം പര്യാപ്തമാണ്?**

2011ൽ രൂപീകൃതമായ ശേഷം നിരവധി ആരോപണങ്ങൾ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിക്ക് നേരെ വന്നിട്ടുണ്ടെങ്കിലും അതൊരു നല്ല സംവിധാനമാണ്. പരിസ്ഥിതി വകുപ്പ് ഡയറക്ടർ പി. ശ്രീകണ്ഠൻ നായർക്ക് പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ ചുമതല നൽകിയ സമയത്ത് നിയമവിരുദ്ധമായി ക്വാറികൾക്ക് അനുമതി നൽകിയ വാർത്ത വിവാദമായിരുന്നല്ലോ. കൊച്ചിയിലെ ചെലവന്നൂർ കായലിൽ തീരദേശ പരിപാലന നിയമം മറികടന്ന് ഡി.എൽ.എഫിന്റെ ഫ്ളാറ്റ് നിർമ്മാണത്തിന് അനുമതി നൽകിയതിലും അതോറിറ്റിക്ക് വീഴ്ചയുണ്ടായതായി കണ്ടെത്തിയിട്ടുണ്ട്. അത്തരം വീഴ്ചകൾക്കെതിരെ പൊതുജനത്തിന് അപ്പീൽ പോകാനുള്ള സ്വാതന്ത്ര്യമുണ്ട്. അത്തരത്തിൽ നിരവധി പരാതികൾ ഉയർന്നുവരുകയും നടപടിയുണ്ടാവുകയും ചെയ്തിട്ടുണ്ട്. പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി രൂപീകരിച്ച ശേഷം ലഭിച്ച 130ൽ അധികം അപേക്ഷകളിൽ 40 എണ്ണത്തിന് മാത്രമാണ് ഖനനാനുമതി അതോറിറ്റി നൽകിയത്. അനുമതിക്കായി അതോറിറ്റി ഇപ്പോൾ പിന്തുടരുന്ന സമ്പ്രദായം ഭേദപ്പെട്ടതുതന്നെയാണ്. അത് മറികടന്ന് അനധികൃതമായി അനുമതി നൽകുന്നുണ്ടോ എന്ന് പരിശോധിക്കേണ്ട ബാധ്യത നമുക്കാണുള്ളത്. അങ്ങനെയാണെങ്കിൽ അതിനെതിരെ അപ്പീൽ പോകണം. അപേക്ഷകർ അപേക്ഷയിൽ എഴുന്ന വിവരങ്ങളിൽ കൃത്രിമത്വം നടത്തുന്നത് വ്യാപകമാണ്. അത് തടയുന്നതിന് മറ്റ് സർക്കാർ ഏജൻസികളും കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതുണ്ട്.



**അഞ്ച് ഹെക്ടറിൽ താഴെയുള്ള ക്വാറികൾക്കും പാരിസ്ഥിതിക അനുമതി വേണമെന്ന നിലപാടിലേക്ക് എങ്ങനെയാണ് കോടതി എത്തുന്നത്?**

സുപ്രീം കോടതിയുടെ വിധി 2012ലാണ് വരുന്നത്. ലൈസൻസ് ലഭിക്കുന്നതിനായി, ക്വാറി പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ അളവ് കാണിക്കുന്നതിൽ കൃത്രിമത്വം വരുത്തുക വ്യാപകമായിരുന്നു. മുമ്പ് അഞ്ച് ഹെക്ടർ മുതലുള്ള ക്വാറികൾക്കാണ് പാരിസ്ഥിതികാനുമതി വേണ്ടിയിരുന്നത്. പലപ്പോഴും ക്വാറി ലൈസൻസിനായി അപേക്ഷിച്ചിരുന്നവർ 4.99 ഹെക്ടറിലുള്ള പല അപേക്ഷകൾ സമർപ്പിച്ച് ഈ നിയമത്തെ മറികടന്നിരുന്നു. പല പേരിലുള്ള അപേക്ഷകളാണെങ്കിലും 4.99 ഹെക്ടറിൽ അപേക്ഷിച്ച രണ്ട് അപേക്ഷകരുടെയും സ്ഥലങ്ങൾ തമ്മിൽ ഒരിഞ്ചു

പോലും അകലമുണ്ടാകില്ല. ഇത്തരം തിരിമറികൾ നടക്കുന്നുണ്ടെന്ന് പല കേസുകളിലൂടെയും കോടതിക്ക് ബോധ്യമായിട്ടുണ്ട്. ദീപക്കുമാർ കേസും അത്തരത്തിലുള്ള ഒന്നാണ്. സ്ഥലത്തിന് പരിധി നിർണ്ണയിക്കാതെ ക്വാറികൾക്കെതിരെ നടപടികളെടുക്കേണ്ടതുണ്ട് എന്ന സമീപനത്തിലേക്ക് അങ്ങനെയാണ് കോടതി എത്തുന്നത്. ആർട്ടിക്കിൾ 141 പ്രകാരം സുപ്രീം കോടതി പ്രസ്താവിക്കുന്ന വിധി ഇന്ത്യയിലെ എല്ലാ കോടതികളും പാലിക്കാൻ ബാധ്യസ്ഥമായ നിയമമാണ്. കേരളം അത് ലംഘിച്ചിരിക്കുകയാണ്. ഇതിനെതിരെ സുപ്രീംകോടതിയെ സമീപിക്കാനും ഞങ്ങൾ ശ്രമിക്കുന്നുണ്ട്. നിലവിൽ ഈ വിധി നടപ്പിലാക്കാത്തതിന് എതിരെയാണ് ഹരിത ട്രിബ്യൂണലിൽ കേസ് നടക്കുന്നത്. കുറച്ചുകൂടി വേഗത്തിൽ വിധിയുണ്ടാകുന്നത് ഹരിത ട്രിബ്യൂണലിൽ നിന്നാണ്.

> ലൈസൻസ് ലഭിക്കുന്നതിനായി, ക്വാറി പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ അളവ് കാണിക്കുന്നതിൽ കൃത്രിമത്വം വരുത്തുക വ്യാപകമായിരുന്നു. മുമ്പ് അഞ്ച് ഹെക്ടർ മുതലുള്ള ക്വാറികൾക്കാണ് പാരിസ്ഥിതികാനുമതി വേണ്ടിയിരുന്നത്. പലപ്പോഴും ക്വാറി ലൈസൻസിനായി അപേക്ഷിച്ചിരുന്നവർ 4.99 ഹെക്ടറിലുള്ള പല അപേക്ഷകൾ സമർപ്പിച്ച് ഈ നിയമത്തെ മറികടന്നിരുന്നു.

**കേരള മൈനർ മിനറൽ നിയമം, 1967 പ്രകാരമാണ് ക്വാറികൾക്ക് ഇപ്പോൾ ലൈസൻസ് നൽകുന്നത്. 1967ലെ ഈ നിയമം ഇന്നത്തെ സാഹചര്യത്തിൽ എത്രത്തോളം പ്രായോഗികമാണ്? കൂടുതൽ നിയമപരിഷ്കരണങ്ങൾ സാഹചര്യം ആവശ്യപ്പെടുന്നില്ലേ?**

തീർച്ചയായും. മൈനർ മിനറൽ നിയമം വളരെ ദുർബലമാണ്. 5000 രൂപ പിഴയും ആറ് മാസം തടവും മാത്രമാണ് നിയമ ലംഘനത്തിനുള്ള ശിക്ഷ. പലപ്പോഴും ശിക്ഷ പിഴയിൽ ഒതുങ്ങാറാണുള്ളത്. അഞ്ച് ഏക്കറിന് ലൈസൻസ് കിട്ടിയ ഒരാൾ പത്ത് ഏക്കർ പാറപൊട്ടിച്ചതായി കണ്ടെത്തി. പിഴവ് 5000 രൂപ മാത്രം. അതിന്റെ എത്രയോ ഇരട്ടി ലാഭമായിരിക്കും അയാൾക്ക് അനധികൃത ഖനനത്തിലൂടെ കിട്ടിയിരിക്കുന്നത്. അതുകൊണ്ട് എല്ലാവരും പിഴയടച്ച് ഊരിപ്പോരാൻ തയ്യാറാണ്. ജിയോളജി വകുപ്പ് ഈ രീതിയിൽ പിഴ ഈടാക്കുന്ന വകുപ്പ് മാത്രമായാണ് നിൽക്കുന്നത്. ഇപ്പോൾ നിലനിൽക്കുന്ന രീതിയനുസരിച്ച് ക്വാറി നടത്തുന്നതിനുള്ള ലൈസൻസ് നേടിയെടുക്കാൻ നിരവധി കടമ്പകളുണ്ട്. പക്ഷെ ഈ കടമ്പകളെല്ലാം സുഗമമായി ലംഘിക്കപ്പെടുന്നതായും കാണുന്നുണ്ട്. ആദ്യം നിങ്ങൾ ക്വാറി നടത്തുന്നതിനായി കണ്ടെത്തുന്ന സ്ഥലം പട്ടയഭൂമിയോ കൃഷിഭൂമിയോ വനഭൂമിയോ അല്ലെന്ന് കാണിച്ച് റവന്യൂവകുപ്പിന്റെ  സർട്ടിഫിക്കറ്റ് വാങ്ങണം. വില്ലേജിൽ നിന്നോ താലൂക്കിൽ നിന്നോ ആണ് ഇത് ലഭിക്കുന്നത്. പിന്നെ ജിയോളജി വകുപ്പിന്റെ അനുമതി വേണം. പിന്നെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി. ഇതിൽ രണ്ടിലും ചില നിർദ്ദേശങ്ങൾ മാത്രമാണുള്ളത്. ഈ അനുമതികളെല്ലാം വച്ച് പരിസ്ഥിതി ക്ലിയറൻസിനായി സംസ്ഥാന അതോറിറ്റിക്ക് അപേക്ഷിക്കണം. അതും ലഭിച്ചുകഴിഞ്ഞാൽ പഞ്ചായത്തിന്റെ ലൈസൻസ് വേണം. പഞ്ചായത്ത് രാജ് ആക്ട് പ്രകാരം പഞ്ചായത്ത് സെക്രട്ടറി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് ലൈസൻസ് നൽകുന്നത്. ഇതുകൂടാതെ എക്സ്പ്ലോസീവ്, ഫയർ ആന്റ് സേഫ്ടി തുടങ്ങിയ പല അനുമതികളും വേണം. പക്ഷെ അനധികൃതമായി ക്വാറി നടത്തുന്നവരും ഈ ലൈസൻസിംഗ് നടപടിക്രമങ്ങളിലൂടെയെല്ലാം കടന്നുപോയിട്ടുണ്ട്. അതിനാൽ നിലവിലുള്ള സംവിധാനത്തെക്കുറിച്ച് പുനരാലോചിക്കേണ്ടതുണ്ട്. നയപരമായ മാറ്റം തന്നെ ഇക്കാര്യത്തിലുണ്ടാകണം. പാറ പൊതുവിഭവമായി മാറണം.  ഒരാളുടെ പറമ്പിലുള്ള പാറ അയാളുടെ സ്വകാര്യ സ്വത്താണ് എന്നതാണ് നിലവിലെ നിയമക്രമം. അത് മാറ്റിയെഴുതണമെങ്കിൽ ഏറെ സങ്കീർണ്ണമായ നിയമയുദ്ധങ്ങളിലൂടെ കടന്നുപോകേണ്ടിവരും. ■

## അപേക്ഷ ക്ഷണിച്ചു

സരോജിനി ദാമോദരൻ ഫൗണ്ടേഷൻ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള ആറാമത് അക്ഷയശ്രീ അവാർഡിന് അപേക്ഷ ക്ഷണിച്ചു. 2014 നവംബർ 30ന് മുൻപായി അപേക്ഷ ലഭിക്കണം. മൂന്ന് വർഷത്തിനുള്ളിൽ പൂർണ്ണമായും ജൈവഭക്ഷണ കൃഷി ചെയ്യുന്ന കർഷകരെയാണ് പരിഗണിക്കുന്നത്. വെള്ളക്കടലാസിൽ കൃഷിയുടെ വിവരവും പൂർണ്ണ വിലാസവും ഫോൺനമ്പറും ജില്ലയും എഴുതി അയയ്ക്കുക.

*വിലാസം: കെ.വി. ദയാൽ, ശ്രീകോവിൽ, മുഹമ്മ പി.ഒ, ആലപ്പുഴ. 688 525. ഫോൺ: 0478 2583289*